Jagratha : 074

Vol-II, Issue :41
23-12- 2008

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ സ്നേഹപൂർവ്വം നേരുന്നു...

# ക്രിസ്മസ് - നവവത്സരാശംസകൾ !




## പ്രധാന വാർത്തകൾ

01. സഭ വർഗ്ഗീയ കലാപത്തിനു ശ്രമിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതം
കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ
02. ഏഷ്യാനെറ്റ് തരംതാഴുന്നു : കെ.സി.വൈ.എം
03. ദാമ്പത്യം ദൈവദാനം : ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ
04. സാമൂഹ്യസേവന മേഖലകളിൽ കത്തോലിക്കാ സഭയ്ക്ക് ഏകീകൃത കർമപദ്ധതികൾ :
മാർ മാത്യു അറയ്ക്കൽ
05. ക്രിസ്മസ് പങ്കുവയ്ക്കപ്പെടലിന്റെ ആഘോഷം : ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ
06. ജീവിതത്തിലൂടെ വചനസാക്ഷ്യം നൽകുക : ആർച്ച് ബിഷപ്പ് ഡോ.സൂസപാക്യം
07. വചനത്തിൽ വളർന്ന് പുഷ്പിച്ച് ഫലം നൽകണം : മാർ ജോസഫ് കല്ലറങ്ങാട്ട്

## 01. സഭ വർഗ്ഗീയ കലാപത്തിനു ശ്രമിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതം
കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ (17-12-2008)

സി. അഭയകേസുമായി ബന്ധപ്പെടുത്തി സഭ വർഗ്ഗീയ കലാപത്തിനും ബാഹ്യസ്വാധീനത്തിനും ശ്രമിക്കുന്നുവെന്ന സി.ബി.ഐയുടെ ആരോപണം അടിസ്ഥാനരഹിതമാണെന്ന് കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പ്രസ്താവിച്ചു. അഭയയുടെ മരണവുമായി ബന്ധപ്പെട്ട ദുരൂഹത മാറ്റണമെന്നും മുൻവിധികളില്ലാത്ത അന്വേഷണത്തിലൂടെ സത്യം പുറത്തുവരണമെന്നുമാണ് സഭ ആത്മാർത്ഥമായി ആഗ്രഹിക്കുന്നത്. അതിനായി എല്ലാ അന്വേഷണ ഏജൻസികളുമായും നീതിന്യായ സംവിധാനങ്ങളുമായും സഭ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്, ഇപ്പോഴും സഹകരിക്കുന്നുമുണ്ട്. കുറ്റാരോപിതരായ, എന്നാൽ നിരപരാധികളെന്ന് സഭ വിശ്വസിക്കുന്ന, രണ്ട് വൈദികർക്കും കന്യാസ്ത്രീക്കും വേണ്ടി പ്രാർത്ഥിക്കുന്നതും ചില മാധ്യമങ്ങളിൽ വരുന്ന സത്യവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ വാർത്തകൾക്ക് മറുപടി നൽകുന്നതും ബാഹ്യ ഇടപെടലുകളായും വർഗ്ഗീയ കലാപത്തിനുള്ള ഒരുക്കമായും ചിത്രീകരിക്കുന്നത് ദുഃഖകരവും പ്രതിഷേധാർഹവുമാണ്. ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങൾ സമൂഹത്തിൽ തെറ്റിദ്ധാരണയ്ക്ക് കാരണമാകും. സമാധാനം ആഗ്രഹിക്കുന്നവരാണ് ക്രൈസ്തവർ. കലാപം ഒരിക്കലും ആവർ ആഗ്രഹിക്കുന്നില്ല; അത് ക്രൈസ്തവമാർഗ്ഗവുമല്ല.

സി. അഭയകേസുമായി ബന്ധപ്പെടുത്തി ക്രൈസ്തവസമൂഹത്തെ താറടിച്ചുകാണിക്കുവാൻ ചില പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും സംഘടിതമായി ശ്രമിക്കുകയാണെന്ന് കമ്മീഷൻ സെക്രട്ടറി ആരോപിച്ചു. ഒരു പ്രമുഖ ദൃശ്യമാധ്യമത്തിൽ സിനിമാല എന്ന പരിപാടിയിലൂടെ വൈദികരെയും സന്യസ്തരെയും അവഹേളിക്കുവാൻ ശ്രമിച്ചത് അതിന് വ്യക്തമായ ഉദാഹരണമാണ്. സഭയെ താറടിച്ചുകാണിക്കുവാനും സഭാവിശ്വാസികളെ അവഹേളിക്കുവാനുമുള്ള ചില മാധ്യമങ്ങളുടെ കുത്സിത ശ്രമങ്ങൾക്കെതിരെ സഭാവിശ്വാസികൾ ജാഗ്രത പുലർത്തേണ്ടതാണ്.

മാധ്യമധാർമികതയെ കാറ്റിൽ പറത്തിക്കൊണ്ട് ക്രൈസ്തവസമൂഹത്തെ തിരഞ്ഞുപിടിച്ച് ആക്രമിക്കുന്ന ശൈലി ചില മാധ്യമങ്ങൾക്കിടയിൽ വർദ്ധിച്ചുവരികയാണ്. നീതിന്യായക്കോടതിയുടെ അധികാരത്തെ ഏറ്റെടുത്താലെന്നപോലെ പ്രതികളെ തീരുമാനിക്കുന്ന മാധ്യമശൈലി ജനാധിപത്യവിരുദ്ധവും തികച്ചും അപകടകരവുമാണ്. അഭയക്കേസുമായി ബന്ധപ്പെട്ട് സത്യത്തെ തമസ്കരിക്കാതെ യഥാർത്ഥസത്യം പുറത്തുകൊണ്ടുവരുവാൻ പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ഉത്തരവാദിത്വത്തോടും ധാർമ്മികതയോടുംകൂടെ പെരുമാറണമെന്ന് കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചു.

## 02. ഏഷ്യാനെറ്റ് തരംതാഴുന്നു : കെ.സി.വൈ.എം (16-12-2008)

ഏഷ്യാനെറ്റ് തരംതാഴുകയാണെന്ന് കെ.സി.വൈ.എം സംസ്ഥാന സമിതി അഭിപ്രായപ്പെട്ടു. ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്യുന്ന സിനിമാല പോലെയുള്ള ചില ഹാസ്യപരിപാടികൾ അശ്ലീലം കുത്തിനിറച്ച് പ്രേക്ഷകരുടെ മനംമടുപ്പിക്കുന്നു. അശ്ലീലം നിറഞ്ഞ ആക്ഷേപ ഹാസ്യം ശരിയായ കലാപ്രവർത്തനമല്ല. അത് സംപ്രേഷണം ചെയ്യുന്നതും യഥാർഥ മാധ്യമധർമവുമല്ല. മതവികാരത്തെ മുറിപ്പെടുത്തുന്ന ഇത്തരം പരിപാടികൾ ഏഷ്യാനെറ്റ് പോലെയുള്ള ചാനലിൽ സംപ്രേഷണം ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് കെ.സി.വൈ.എം ആവശ്യപ്പെട്ടു. ഇത്തരം നടപടികൾ തുടർന്നാൽ ഏഷ്യാനെറ്റ് ബഹിഷ്കരിക്കുമെന്നതടക്കമുള്ള തീരുമാനങ്ങൾക്ക് കെ.സി.വൈ.എം തയാറാകും.

## 03. ദാമ്പത്യം ദൈവദാനം : ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ (16-12-2008)

ഉത്തരവാദിത്വമുള്ള മാതാവും പിതാവുമാവാൻ ദൈവം തന്ന അവസരമാണ് വിവാഹ ജീവിതത്തിലൂടെ കൈവരുന്നതെന്ന് കെ.സി.ബി.സി പ്രസിഡന്റ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ പറഞ്ഞു.

വരാപ്പുഴ അതിരൂപത ഫാമിലി അപ്പസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജൂബിലി ദമ്പതി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മക്കൾ ചെറുതായിരിക്കുമ്പോൾതന്നെ ക്ഷമ, സഹനം, അനുസരണം തുടങ്ങിയവയുടെ മാതൃക പകർന്നു കൊടുക്കാൻ മാതാപിതാക്കൾക്ക് സാധിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. കച്ചേരിപ്പടി ആശീർഭവനിൽ നടന്ന ചടങ്ങിൽ 500 ഓളം ദമ്പതിമാർ പങ്കെടുത്തു.

## 04. സാമൂഹ്യസേവന മേഖലകളിൽ കത്തോലിക്കാ സഭയ്ക്ക് ഏകീകൃത കർമപദ്ധതികൾ : മാർ മാത്യു അറയ്ക്കൽ (19-12-2008)

കേരളത്തിന്റെ സാമൂഹ്യ സേവന മേഖലയിൽ നിസ്തുലവും നിസ്വാർഥവുമായ പ്രവർത്തനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന കത്തോലിക്കാ സഭ ഈ മേഖലയിൽ ഏകീകൃത കർമപദ്ധതികൾക്കു രൂപം നൽകുമെന്നു ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ ചെയർമാനും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ മാത്യു അറയ്ക്കൽ. കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസ്, ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ ആസ്ഥാനമായ കോട്ടയം അടിച്ചിറയിലുള്ള ആമോസ് സെന്ററിൽ കേരളത്തിലെ വിവിധ രൂപതകളിൽനിന്നുള്ള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർമാരുടെയും വിവിധ സാമൂഹ്യസേവന മേഖലകളിൽ പ്രവർത്തനനിരതരായിട്ടുള്ളവരുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു മാർ മാത്യു അറയ്ക്കൽ. ജാതിമത രാഷ്ട്രീയ ചിന്തകൾക്കതീതമാണു സഭയുടെ സേവന മേഖല. സഭയെ അടച്ചാക്ഷേപിക്കുവാൻ ശ്രമിക്കുന്നവർ ഈ സേവനമേഖലകളിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നത് ഉചിതമായിരിക്കുമെന്നു മാർ മാത്യു അറയ്ക്കൽ സൂചിപ്പിച്ചു. ആലപ്പുഴ രൂപതാ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ അധ്യക്ഷതവഹിച്ചു. തിരുവല്ല മെത്രാപ്പോലീത്ത തോമസ് മാർ കൂറിലോസ് അനുഗ്രഹ പ്രഭാഷണം നടത്തി. കേരളത്തിന്റെ വികസന പ്രക്രിയയിൽ സഭയുടെ പങ്കിനെക്കുറിച്ചു ഡെവലപ്മെന്റ് കൺസൾട്ടന്റ് റ്റി.എ. വർഗീസ് പ്രബന്ധം അവതരിപ്പിച്ചു.കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി, ഫാ. തോമസ് പീലിയാനിക്കൽ , അഡ്വ. വി.സി. സെബാസ്റ്റ്യൻ, ഇജ. ജയിംസ്, ഫാ. പ്രശാന്ത് ജോൺസൺ സി.എം.ഐ തുടങ്ങിയവർ പ്രസംഗിച്ചു.

## 05. ജീവിതത്തിലൂടെ വചനസാക്ഷ്യം നൽകുക : ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യം (21-12-2008)

കേരളസഭ കൊണ്ടാടുന്ന വചനവത്സരത്തിന്റെ ഭാഗമായി കേരളത്തിലെ 29 കത്തോലിക്കാ രൂപതകളിലെ നാലായിരം ദേവാലയങ്ങളിലൂടെ പ്രയാണം നടത്തിയ തിരുവചനയാത്ര തലസ്ഥാന നഗരിയിലെ ഭക്തിനിർഭരമായ തിരുവചനറാലിയോടെ സമാപിച്ചു. ജനുവരി നാലിന് കാസർഗോഡ് ജില്ലയിലെ പള്ളിക്കര പള്ളിയിൽ മാർ ജോസഫ് പണ്ടാരശേരി ഉദ്ഘാടനം ചെയ്ത റാലിയാണു തിരുവനന്തപുരത്തു പൂർണമായത്. ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുക്കാതെ ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ്പ് റവ.ഡോ.സൂസപാക്യം പരിപാടിയിൽ പങ്കെടുത്തു. “നമ്മുടെ ദൗത്യം ഏതു ജീവിതസാഹചര്യത്തിലും വചനത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഏതു ജീവിതസാഹചര്യത്തിലുള്ളവർക്കും അതിനാവും”- സമാപന സന്ദേശത്തിൽ ആർച്ച് ബിഷപ് ഉദ്ബോധിപ്പിച്ചു.

“നാമും വചനം പറയണം. സാക്ഷ്യം നൽകണം. അതിനു സാധിക്കണമെങ്കിൽ ശക്തമായ യേശു അനുഭവം ഉണ്ടാകണം. ഉത്ഥാനദിവസം മഗ്ദലനയ്ക്കതുണ്ടായി. എമ്മാവുസിലേക്കു പോയ ശിഷ്യർക്കും ഉണ്ടായി. വചനത്തിന് സാക്ഷ്യം നൽകണമെങ്കിൽ നാം സ്നാപകനെപ്പോലാകണം. വിനയമുള്ളവരാകണം”- ആർച്ച് ബിഷപ്പ് പറഞ്ഞു. നേരത്തെ പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ മോൺ.സാമുവേൽ കാട്ടുകല്ലിൽ സമാപനറാലി ഉദ്ഘാടനം ചെയ്തു. സമൂഹ മധ്യത്തിൽ തുറന്നു വച്ച തിരുവചനമാകണം ക്രൈസ്തവജീവിതമെന്ന് അദ്ദേഹം പറഞ്ഞു.

## 06. വചനത്തിൽ വളർന്ന് പുഷ്പിച്ച് ഫലം നൽകണം : മാർ ജോസഫ് കല്ലറങ്ങാട്ട് (21-12-2008)

ഹൃദയത്തിൽ തിരുവചനങ്ങൾ സൂക്ഷിക്കാൻ തിരുവചനത്തെ ധ്യാനിക്കണമെന്നും അങ്ങനെ ഓരോ ക്രൈസ്തവനും വചനത്തിൽ വളർന്ന് പുഷ്പിച്ച് ഫലം നൽകണമെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ബോധിപ്പിച്ചു. 26-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയായിരുന്നു ബിഷപ്.

പതിറ്റാണ്ടുകൾക്കു മുമ്പ് തുടങ്ങിവച്ച വചനപരമ്പരയുടെ തുടർച്ചയാണ് കൺവൻഷൻ. പുൽക്കൂട്ടിലെ ഉണ്ണിയെ കാണാൻ പറ്റാത്തവർക്ക് കാൽവരിയിലെ ക്രിസ്തുവിനെ കാണാൻ പറ്റില്ല. മറിയം ദൈവസ്നേഹത്തിന്റെ കണ്ണാടിയാണെന്നും ഇതിന്റെയെല്ലാം പരിസമാപ്തിയാണ് തിരുപ്പിറവിയെന്നും മാർ കല്ലറങ്ങാട്ട് ഉദ്ബോധിപ്പിച്ചു. ദൈവനന്മയുടെ ഏറ്റവും വലിയ ആവിഷ്കാരമാണ് ക്രിസ്മസ്. ജീവിതമാകുന്ന വിശുദ്ധികൊണ്ട് യേശുവിന്റെ ജനനത്തെ വായിച്ചെടുക്കണം. ദൈവത്തിന്റെ സ്നേഹം സന്തോഷങ്ങൾ പങ്കുവയ്ക്കുന്നതല്ല, മറിച്ച് സ്വയം ശൂന്യമാക്കുന്നതാണ്. വചനം നമ്മുടെ ജീവിതത്തിൽ പകർത്തുമ്പോൾ നമ്മുടെ ജീവിതം ഫലം നൽകുമെന്നും മാർ കല്ലറങ്ങാട്ട് പറഞ്ഞു.

## 07. ക്രിസ്മസ് പങ്കുവയ്ക്കപ്പെടലിന്റെ ആഘോഷം : ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ (21-12-2008)

ദൈവ സ്നേഹം മനുഷ്യരുമായി പങ്കു വയ്ക്കപ്പെടുന്ന ആഘോഷമാണ് ക്രിസ്മസെന്ന് കോഴിക്കോട് രൂപത ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പറഞ്ഞു. ചാവറ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്മസ് ആഘോഷ ചടങ്ങിൽ സന്ദേശം നൽകുകയായിരുന്നു ബിഷപ്. പങ്കു വയ്ക്കപ്പെടലിന്റെ ആഘോഷമാണ് ക്രിസ്മസ്. ദൈവം തന്റെ സ്നേഹം മനുഷ്യനുമായി പങ്കു വച്ചത് തന്റെ ഏകജാതനായ ക്രിസ്തുവിലൂടെയാണ്. സ്നേഹം മറ്റുള്ളവരുമായി പങ്കു വയ്ക്കാൻ നമുക്ക് കഴിയണം- ബിഷപ് പറഞ്ഞു. ഇന്നത്തെ കാലഘട്ടത്തിൽ പങ്കു വയ്ക്കലിന്റെ ചൈതന്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വളർന്നു വരുന്ന കുട്ടികളിലും പങ്കു വയ്ക്കപ്പെടലിന്റെ ചൈതന്യം ഉണ്ടാവേണ്ടിയിരിക്കുന്നു. പരിഗണനാർഹമായ സ്നേഹവും അനുകമ്പയും കാണിക്കാൻ ക്രിസ്മസ് നമ്മെ പ്രേരിപ്പിക്കുന്നുവെന്നും ബിഷപ് ഓർമിപ്പിച്ചു. ചടങ്ങിൽ സി.എം.ഐ കോഴിക്കോട് പ്രൊവിൻഷ്യാൾ ഫാ.ജോൺ പനന്തോട്ടം അധ്യക്ഷത വഹിച്ചു.

